പറവൂർ നഗരസഭാ സെക്രട്ടറിക്കെതിരെ നടപടി

121 [126] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ നഗരസഭയിൽ സ്ഥിരമായി വൈകി എത്തിക്കൊണ്ടിരുന്ന സെക്രട്ടറിയുടെ നടപടിക്കെതിരെ അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുണ്ടായിരുന്ന 49598/എ1/04/ത.സ്വ.ഭ.വ. നം. ഫയലിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു.

(ബി) പ്രസ്തുത സെക്രട്ടറി കൃത്യവിലോപം നടത്തിയതായി തെളിഞ്ഞിട്ടുണ്ടോ; ഇദ്ദേഹത്തിനെതിരെ ശിക്ഷാ നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓംബുഡ്സ്മാന്റെ പ്രവർത്തനം

122 [127] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസം മുതൽ 2004 മാർച്ച് മാസം വരെയുള്ള ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്ര എണ്ണം തീർപ്പാക്കിയെന്നും വെളിപ്പെടുത്താമോ;

(ബി) പരാതികളിൽ കഴമ്പില്ലെന്ന് കണ്ട് മേൽപ്പറഞ്ഞ കാലയളവിൽ എത്ര പരാതികൾ തള്ളിയെന്ന് അറിയിക്കാമോ;

(സി) മേൽ സൂചിപ്പിച്ച കാലയളവിൽ ഓംബുഡ്സ്മാൻ എവിടെയെല്ലാം വച്ച് എത്ര സിറ്റിംഗ് നടത്തിയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഓരോ സിറ്റിംഗിലും പരിഗണിച്ച പരാതികൾ എത്രയെന്നും തീർപ്പാക്കിയവ എത്രയെന്നും കൂടി അറിയിക്കുമോ?

ഉത്തരം

(എ) 2001 മെയ് മാസം മുതൽ 2004 മാർച്ച് മാസം വരെ ഓംബുഡ്സ്മാന് ലഭിച്ച പരാതികൾ .. 3034

2001 മെയ് മുതൽ 2001 ഡിസംബർ വരെ .. 1377

LIBRARY ARCHIVES Kerala Legislative Assembly

2002	..	670
2003	..	700
2004 മാർച്ച് 31 വരെ	..	287
ആകെ	..	3034
അവയിൽ തീർപ്പുകൽപ്പിച്ചവ	..	2642
2001	..	1376
2002	..	616
2003	..	492
2004 മാർച്ച് 31 വരെ	..	158
ആകെ	..	2642

(ബി) 2001 മെയ് മാസം മുതൽ 2004 മാർച്ച് മാസം വരെ 307 പരാതികൾ കഴമ്പില്ലെന്ന് കണ്ട് തള്ളിയിട്ടുണ്ട്.

(സി) 2001 മെയ് മാസം മുതൽ 2004 മാർച്ച് വരെ ഓംബുഡ്സ്മാൻ ആകെ നൂറ്റിമുപ്പത്തി എട്ട് (138) സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. 2001 മെയ് മാസം മുതൽ 2001 സെപ്റ്റംബർ വരെ ഏഴംഗ ഓംബുഡ്സ്മാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമായി എഴുപത് സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. 2002 ജനുവരി മുതൽ 2004 മാർച്ച് വരെ ഏകാംഗ ഓംബുഡ്സ്മാൻ അറുപത്തി എട്ട് (68) സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം	..	23
എറണാകുളം	..	22
കോഴിക്കോട്	..	14
കോട്ടയം	..	07
പത്തനംതിട്ട	..	02
ആകെ	..	68

(ഡി) 138 സിറ്റിംഗുകളിലായി 3974 പരാതികൾ പരിഗണിക്കുകയും 2700 പരാതികൾ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly